


## GOVERNMENT PRESS, SHORANUR

INAUGURATION OF THE

# AUTOMATIC BOOK SEWING MACHINE

AND

# SHEET GATHERING MACHINE

BY

**Shri PAUL P. MANI**

MINISTER FOR FOOD AND CIVIL SUPPLIES

ON

6th OCTOBER 1972

# കേരള ഗവൺമെൻറ് പ്രസ്സസ്

ഷൊർണ്ണൂർ ഗവൺമെൻറ് പ്രസ്സിലെ

ഓട്ടോമാററിക് ബുക്ക് സ്യൂയിംഗ് മെഷീൻെറയും

ഓട്ടോമാററിക് ഷീററ് ഗ്യാതറിംഗ് മെഷീൻെറയും

ഉത്ഘാടനം

ബഹുമാനപ്പെട്ട ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പു മന്ത്രി

## ശ്രീ. പോൾ പി. മാണി

നിർവ്വഹിക്കുന്നു

1972 ഒക്ടോബർ 6



ശ്രീ. സി. അച്ചുതമേനോൻ

മുഖ്യമന്ത്രി




ശ്രീ. പോൾ പി. മാണി

ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പുമന്ത്രി




ശ്രീ. കെ. പി. കെ. മേനോൻ

ചീഫ് സെക്രട്ടറി



ശ്രീ. പി. കെ. ഉമാശങ്കർ
വിദ്യാഭ്യാസവകുപ്പ് സെക്രട്ടറി



ശ്രീ. പി. കുര്യൻ ജോൺ

ഗവ. പ്രസ്സുകളുടെ സൂപ്രണ്ട്

# കേരള മുദ്രണവകുപ്പ്
# പുതിയ കാൽവയ്പുകൾ

1972 ഒക്ടോബർ 6-ാം തീയതി രാവിലെ 9.30 ന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പു മന്ത്രി ശ്രീ. പോൾ പി. മാണി ഷൊർണ്ണൂർ ഗവൺമെൻറ് പ്രസ്സിൽ ആട്ടോമാററിക്ക് ഷീററ് ഗ്യാതറിംഗ് മെഷീൻ, ആട്ടോമാററിക്ക് ബുക്ക് സ്യൂയിംഗ് മെഷീൻ എന്നിവയുടെ പ്രവർത്തനം ഉദ്ഘാടനം ചെയ്യുന്നതാണ്. ജർമ്മൻ ജനാധിപത്യ റിപ്പബ്ളിക്കിൽ നിന്നും വാങ്ങിയ സ്വയം പ്രവർത്തനക്ഷമമായ ഈ യന്ത്രങ്ങൾ പാഠപുസ്തകങ്ങൾ കൂടുതൽ വേഗത്തിലും എളുപ്പത്തിലും ബയൻറ് ചെയ്യാൻ ഉതകുന്നു. പാഠ പുസ്തകങ്ങൾ പുറത്തിറങ്ങാനുണ്ടാകുന്ന കാലതാമസത്തെപ്പററി പല ആക്ഷേപങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഇത്തരം രണ്ടു യന്ത്രങ്ങളുടെ ഉദ്ഘാടനം തികച്ചും പ്രാധാന്യമർഹിക്കുന്ന ഒരു സംഭവമാണ്.

ഇക്കഴിഞ്ഞ 1972 മാർച്ച് 18-ാം തീയതി അന്നു മുദ്രണ വകുപ്പിന്റെ ചാർജുകൂടി വഹിച്ചിരുന്ന പരേതനായ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ. കെ. ററി. ജോർജ് ഷൊർണ്ണൂർ ഗവൺമെൻറ് പ്രസ്സിൽ ''ഫ്ളോലൈൻ ഫീഡർ വയർ സ്ററിച്ചർ'' എന്ന ഒരു യന്ത്രത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ച കാര്യം ഈ സന്ദർഭത്തിൽ സ്മരണീയമാണ്.

ഇപ്പോൾ ഉദ്ഘാടനം ചെയ്യുന്ന രണ്ടു യന്ത്രങ്ങളും മുദ്രണ വകുപ്പിന്റെ ഉൽപ്പാദനത്തേയും, പ്രവർത്തനശേഷിയേയും സാരമായി വർദ്ധിപ്പിക്കുവാൻ ഉതകുന്നതാണ്. ഈ യന്ത്രങ്ങളുടെ സവിശേഷതകൾ എന്താണെന്നു പരിശോധിക്കാം.

25/3324/MC

## (i) ആട്ടോമാററിക്ക് ഷീററ് ഗ്യാതറിംഗ് മെഷീൻ

അച്ചടിച്ചു നിശ്ചിത രീതിയിൽ മടക്കിയ ഫാറങ്ങളെ അതിവേഗം ശേഖരിച്ച് തുന്നിക്കെട്ടാൻ പാകത്തിൽ സജ്ജീകരിക്കുന്ന ഈ യന്ത്രം കുറഞ്ഞ സമയവും, ജോലിയുംകൊണ്ടു വൻതോതിൽ പുസ്തകങ്ങളും, ലഘുലേഖകളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉൽപ്പാദിപ്പിക്കുവാൻ ഉപയോഗപ്പെടുന്നു. അതിനാൽ കുറഞ്ഞ സമയത്തിനുള്ളിൽ ലാഭകരമായി, വൻതോതിൽ പുസ്തകം ഉൽപ്പാദിപ്പിക്കുവാൻ ഈ യന്ത്രത്തെ പൂർണ്ണമായും ആശ്രയിക്കാവുന്നതാണ്.

ഈ യന്ത്രത്തിൽ പന്ത്രണ്ട് സ്റേറഷനുകൾ ഉണ്ട്. അച്ചടിച്ചു മടക്കിയ ഫാറങ്ങൾ ഈ പന്ത്രണ്ട് സ്റേറഷനുകളിലും ആവശ്യാനുസരണം ക്രമമായി അടുക്കി വയ്ക്കുന്നു. യന്ത്രം പ്രവർത്തിച്ചു തുടങ്ങുന്നതോടെ ഈ ഫാറങ്ങളെ മെഷീൻ തന്നെ സ്വയം ശേഖരിച്ചു തുന്നിക്കെട്ടാൻ യോജിച്ച വിധത്തിൽ നിശ്ചിത സ്ഥാനത്ത് എത്തിക്കുന്നു. പുസ്തക രൂപത്തിലായ ഈ ബുക്കുകൾ എടുത്തു തുന്നിക്കെട്ടേണ്ട ജോലി മാത്രമേ പിന്നെ അവശേഷിക്കുന്നുള്ളു. പേജുകൾ കുറവാണെങ്കിൽ ഒരേ സമയം രണ്ടു പുസ്തകങ്ങളുടെ ഫാറങ്ങൾ ഇങ്ങനെ ശേഖരിക്കുവാൻ കഴിയും. ഫാറങ്ങളുടെ യാന്ത്രിക ശേഖരണത്തിൽ വന്നുപോകാവുന്ന പിഴകൾ ഒഴിവാക്കുവാൻ വേണ്ടി ഓരോ സ്റേറഷനിലും അതി സൂക്ഷ്മവും വിശ്വസനീയവുമായ ''ഇലക്ട്രോണിക്ക് നിയന്ത്രണ'' സജ്ജീകരണങ്ങൾ ഉണ്ട്. ഷീററുകൾ നഷ്ടപ്പെടുകയോ, കൂട്ടായി ചേർന്നു ക്രമരഹിതമാവുകയോ ചെയ്യുമ്പോൾ ഈ നിയന്ത്രണ സജ്ജീകരണങ്ങൾ യന്ത്രത്തിൻെറ പ്രവർത്തനത്തെ നിറുത്തുന്നു.

പ്രധാനമായും ടെക്സ്ററ് ബുക്കുകൾ പ്രസാധനം ചെയ്യുന്ന ഷൊർണ്ണൂർ ഗവൺമെൻറ് പ്രസ്സിൻെറ പാഠപുസ്തകോൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ ഈ യന്ത്രത്തിൻെറ സ്ഥാപനം സഹായിക്കുന്നതാണ്. അച്ചടിച്ച ഫാറങ്ങൾ ജീവനക്കാർ തന്നെ സ്വയം ശേഖരിച്ചു തുന്നിക്കെട്ടി പുസ്തകമാക്കുകയാണ് ഇപ്പോഴത്തെ പതിവ്. പേജു മുറയ്ക്ക് ഓരോ ഫാറവും അടുക്കി പുസ്തക രൂപത്തിലാക്കാൻ ഇപ്പോൾ വളരെയധികം സമയമെടുക്കുന്നുണ്ട്. അതുകാരണം

ആവശ്യമായ വേഗതയിൽ ടെക്സ്ററ് ബുക്കുകളുടെ ജോലി പൂർത്തിയാക്കാൻ നന്നേ വിഷമിക്കുന്ന ഒരവസ്ഥയാണിന്നുള്ളത്. ഈ വിഷമത പരിഹരിച്ചു നിശ്ചിത സമയ പരിധിക്കുള്ളിൽ കൂടുതൽ പാഠപുസ്തകങ്ങൾ പുറത്തിറക്കാൻ ഈ പുതിയ യന്ത്രം സഹായിക്കുന്നതാണ്. പാഠപുസ്തക പ്രസാധനത്തിൽ ഉണ്ടാകുന്ന കാല താമസം പൂർണ്ണമായും ഒഴിവാക്കുക, ഇക്കാര്യത്തിൽ സ്വയം പര്യാപ്തമാവുക എന്നീ മഹത്തായ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിലെ സുപ്രധാനമായ ഒരു ചുവടു വയ്പാണ് ഈ യന്ത്രത്തിന്റെ ഉദ്ഘാടനം.

## (ii) ആട്ടോമാററിക് ബുക്ക് സ്യൂയിംഗ് മെഷീൻ

കുറഞ്ഞ സമയത്തിനുള്ളിൽ ലഡ്ജറുകളും പുസ്തകങ്ങളും ഭംഗിയായി തുന്നിക്കെട്ടുന്ന ഒരു പ്രധാന യന്ത്രമാണ് ഈ 'സ്വീയിംഗ് മെഷീൻ' എല്ലാ രീതി യിലും, തരത്തിലുമുള്ള പുസ്തകങ്ങൾ തുന്നിക്കെട്ടാൻ തക്കരീതിയിൽ സ്വയം പ്രവർത്തനക്ഷമമായ സജ്ജീകരണങ്ങളാണ് ഈ യന്ത്രത്തിനുള്ളത്. തയ്ക്കു ന്നതിനു ബലമുള്ള പ്രത്യേകതരം സൂചികളും, കോൺ ആകൃതിയിലുള്ള നൂൽ വളയം ഉറപ്പിക്കാനാവശ്യമായ ഭാഗങ്ങളും ഈ യന്ത്രത്തിനുണ്ട്. വളരെ എളുപ്പ ത്തിലും വേഗത്തിലും പ്രവർത്തിക്കുന്നതിനാൽ, യന്ത്രം പ്രവർത്തിപ്പിക്കുന്ന ആരംക്ക് ശരിയായി അടുക്കിയ ഫാറങ്ങൾ ഒരു നിശ്ചിത തലത്തിൽ വച്ചുകൊടു ക്കേണ്ട ജോലി മാത്രമേയുള്ളൂ. ഈ ഫാറങ്ങളെ യന്ത്രത്തിന്റെ ക്ലിപ്പുകൾ തന്നെ സ്വയം എടുത്ത് നിശ്ചിത സ്ഥാനത്ത് അമർത്തിവയ്ക്കുന്നതോടെ സൂചികൾ പ്രവർത്തിക്കുകയും പുസ്തകത്തെ നൂൽകൊണ്ടു തുന്നുകയും ചെയ്യുന്നു. ഒരു പുസ്തകത്തിന്റെ ഫാറങ്ങൾ തീർന്നാലുടൻ അടുത്ത പുസ്തകങ്ങളുടെ ഫാറങ്ങൾ ക്രമത്തിൽ തുന്നിക്കൊണ്ടിരിക്കും. ഒരു പുസ്തകം തീർന്നാൽ അൽപ്പം ഇട ഇട്ട് അടുത്ത പുസ്തകത്തിന്റെ തുന്നൽ നടത്തുന്നു. തുന്നൽ തീർന്നാലുടൻ പുസ്തകങ്ങൾ അതിനായി വച്ചിട്ടുള്ള മേശമേൽ എത്തുന്നു. അവ വേണ്ട രീതി യിൽ അരികു മുറിച്ചു പുറം ചട്ടയിടേണ്ട ജോലി മാത്രമേ പിന്നെ അവശേഷിക്കു ന്നുള്ളു. ലൈബ്രറി പുസ്തകങ്ങൾ തുടങ്ങിയവ ടേപ്പുവച്ചും മററും ഉറപ്പായി ബയൻറ് ചെയ്യാൻ ഈ യന്ത്രത്തിനുകഴിയും. കൂടാതെ ആവശ്യമായ ക്രമീകരണം നടത്തി വിവിധതരത്തിലുള്ള ലഡ്ജറുകൾ തുന്നിക്കെട്ടാനും സാധിക്കുന്നു.

വിവിധ വലിപ്പത്തിലുള്ള എല്ലാ പുസ്തകങ്ങളും കമ്പി ഉപയോഗിച്ച് തുന്നിക്കെട്ടാവുന്നവയല്ല. കമ്പി ഉപയോഗിച്ചുള്ള തുന്നിക്കെട്ടലിനു മററൊരു ദോഷവുമുണ്ട്. കാലം കഴിയുമ്പോൾ കമ്പിദ്രവിച്ചു പോകുമെന്നതിനാൽ പുസ്തകങ്ങൾ കുത്തഴിഞ്ഞുപോകാനും ചീത്തയാകാനും ഇടയാകുന്നു. കൈ ഉപയോഗിച്ച് സൂചിയും നൂലും കൊണ്ടു കുത്തിക്കെട്ടുന്നതിനാകട്ടെ വളരെസമയം വേണ്ടി വരുന്നു. കനപ്പെട്ട പാഠപുസ്തകങ്ങളുടെ എണ്ണം കൊല്ലംതോറും വർദ്ധിച്ചു വരുന്ന നമ്മുടെ രാജ്യത്ത്, അത്തരം പാഠപുസ്തകങ്ങൾ വളരെ വേഗം ഭദ്രമായി തുന്നിക്കെട്ടാൻ ഈ യന്ത്രം സഹായിക്കുന്നു. പാഠപുസ്തക പ്രസാധന പുരോഗതിയുടെ മററൊരു നാഴികക്കല്ലാണ് ഈ യന്ത്രത്തിൻെറ ഉദ്ഘാടനം.

ഈ സന്ദർഭത്തിൽ അച്ചടിയെപ്പററി പൊതുവിലും, കേരളത്തിലെ ഗവൺമെൻറ് പ്രസ്സുകൾ ഗവൺമെൻറിനും പൊതുജനങ്ങൾക്കും നൽകുന്ന സേവനങ്ങളെപ്പററി പ്രത്യേകിച്ചും ചില വിവരങ്ങൾ അറിയുന്നത് ഉചിതമായിരിക്കുമല്ലോ.

## മനുഷ്യ സംസ്ക്കാരത്തിന് അച്ചടിയുടെ സംഭാവന

മനുഷ്യൻെറ വിദ്യാഭ്യാസപരമായ വളർച്ചയിലും, ചിന്താശക്തിയിലും അച്ചടി വരുത്തിത്തീർത്ത വിപ്ലവകരമായ പരിവർത്തനം ലോകസംസ്ക്കാര ചരിത്രത്തിൻെറ അവിഭാജ്യമായ ഒരു ഘടകമാണ്. ഒരു കാലത്ത് ഗുഹാവാസിയായിരുന്ന മനുഷ്യൻ ആദ്യം 'വാമൊഴി'യിലൂടെയാണ് ആശയവിനിമയം നടത്തിയിരുന്നത്. അപ്പോഴപ്പോഴുള്ള ആവശ്യങ്ങൾ അറിയിക്കുകയെന്നതിൽക്കവിഞ്ഞ് ആ പ്രാകൃത ശബ്ദങ്ങൾക്ക് ഒരു പ്രാധാന്യവും ഉണ്ടായിരുന്നില്ല. പിന്നേയും പരിണാമ വിധേയനായപ്പോൾ മനുഷ്യൻെറ ആവശ്യങ്ങളും പ്രവർത്തനമേഖലകളും വികസിച്ചു. ജീവിതത്തിൽവന്ന മാററങ്ങളോടൊപ്പം ആശയവിനിമയത്തിൻെറ ഉദ്ദേശലക്ഷ്യങ്ങൾക്കും പരിവർത്തനം വന്നു. തുടർന്നു 'വരമൊഴിയും' ആവശ്യമായിത്തീർന്നു. ആദ്യം ഇലകളിലും ഓലകളിലും അപരിഷ്കൃതമായ ഉപകരണങ്ങൾ കൊണ്ട് എഴുതിത്തുടങ്ങിയ മനുഷ്യൻ കാലാന്തരത്തിൽ അച്ചടിവിദ്യകണ്ടുപിടിച്ചു. അവിടുന്നിങ്ങോട്ട് മനുഷ്യനുണ്ടായ വളർച്ച അൽഭുതകരമായിരുന്നു. അച്ചടിയുടെ

കണ്ടുപിടിത്തത്തോടെ വിദ്യാഭ്യാസം സാർവ്വത്രികവും സാർവ്വലൗകികവുമായി. മനുഷ്യസംസ്ക്കാരത്തിലും, ദർശനത്തിലും ഈ സംഭവവികാസങ്ങൾ വരുത്തി തീർത്ത മാററങ്ങളാണ് ഇന്നു കാണുന്ന മനുഷ്യനെ സൃഷ്ടിച്ചത്.

## ഗവൺമെൻറ് തലത്തിൽ അച്ചടിയുടെ പ്രാധാന്യം

ഗവൺമെൻറിൻെറ അച്ചടി ആവശ്യങ്ങൾ മുമ്പെന്നത്തെക്കാളും വർദ്ധിച്ചിട്ടുള്ള ഒരു കാലഘട്ടമാണിപ്പോൾ. ഭരണതലത്തിൽ ഗവൺമെൻറ് മെഷിനറിയുടെ കാര്യക്ഷമമായ നടത്തിപ്പ്.ന് അച്ചടികൂടിയേ കഴിയൂ. ഭരണരംഗത്ത് ഗുമസ്തൻ മുതൽ മന്ത്രിവരെ അച്ചടിച്ചകടലാസുകളും, രേഖകളുമായി ബന്ധപ്പെടുന്നവരാണ്. ഭരണകാര്യങ്ങൾക്ക് നിയമാനുസൃതമായ അടുക്കും ചിട്ടയും ക്രമീകരണവും നൽകുന്നത് അച്ചടിച്ച നിയമങ്ങളാണ്. ഭരണ കാര്യങ്ങൾക്ക് അവശ്യം ആവശ്യമായ ഫാറങ്ങൾ, രജിസ്ററുകൾ തുടങ്ങിയവ, സ്ഥിരമായി സൂക്ഷിക്കേണ്ട വിലപ്പെട്ട റിക്കാർഡുകൾ, പ്രമാണങ്ങൾ മററ് ആധികാരികരേഖകൾ എല്ലാം തന്നെ അച്ചടിച്ചവയാണ്. എന്തിന് സർക്കാർ സ്വീകരിക്കുകയും ചിലവഴിക്കുകയും ചെയ്യുന്ന പണവും, ഗവൺമെൻറിൻെറ മറെറല്ലാ സാമ്പത്തിക ഇടപാടുകളും അച്ചടിച്ച ഫാറങ്ങളും രജിസ്ററുകളും വഴിയാണു നടക്കുന്നത്.

ഗവൺമെൻറിൻെറ ഉത്തരവുകളേയും തീരുമാനങ്ങളേയുംപററി ശരിയായ വിവരങ്ങൾ വള്ളിപുള്ളിവ്യത്യാസമില്ലാതെ ജനങ്ങൾ അറിയുന്നതു തന്നെ സർക്കാർ അച്ചടിച്ചു പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങളിലൂടെയുമാണ്. ഇങ്ങനെ ഭരണത്തിലെ ജനകീയ പങ്കാളിത്വത്തിനും അച്ചടി കാരണമാകുന്നു. പുരോഗതി പ്രാപിച്ച രാജ്യങ്ങളിലൊക്കെ സർക്കാർ കാര്യങ്ങളെക്കുറിച്ച് ആധികാരികമായ അറിവുലഭിക്കുവാൻ ജനങ്ങൾ നോക്കുന്നത് ഗവൺമെൻറ് പ്രസ്സുകളിൽ അച്ചടിച്ചു പ്രസിദ്ധീകരിക്കുന്ന സർക്കാർ പ്രസിദ്ധീകരണങ്ങളിലേക്കാണ്. ഈ പ്രസിദ്ധീകരണങ്ങൾ പൊതുജനങ്ങൾക്ക് ഉത്തമപൗരൻമാരായി ജീവിക്കുന്നതിനു സഹായിക്കുന്ന വഴികാട്ടികളാണ്. ഏതു കാര്യത്തിലും വ്യത്യസ്ത വീക്ഷണങ്ങളും, വ്യാഖ്യാനങ്ങളും ഉണ്ടാകുന്ന ഈ കാലഘട്ടത്തിൽ ഗവൺമെൻറ് പ്രസിദ്ധീ

കരണങ്ങൾ തനതായ വ്യക്തിത്വത്തോടെ ജനങ്ങളെ ഉദ്ബുദ്ധരാക്കുന്നു; ശരിയായ അറിവു പകർന്നുകൊടുക്കുന്നു. രാജ്യത്തുണ്ടാകുന്ന മാററങ്ങളുടെ രൂപരേഖ വരച്ചു കാണിച്ചു കൊടുക്കുന്നതുവഴി ബഹുജനങ്ങളെക്കൂടി ആ പുരോഗതിയോടൊപ്പം നയിക്കുന്നതിലും ഗവൺമെൻറ് പ്രസ്സുകൾ പങ്കുവഹിക്കുന്നു. ഇങ്ങനെ നോക്കിയാൽ ഗവൺമെൻറ് ഉടമയിലുള്ള അച്ചടിശാലകൾ, ഗവൺമെൻറിനും ജനങ്ങൾക്കും നൽകുന്ന നിസ്തുലമായ സേവനങ്ങൾ ഏററവും വിലപ്പെട്ടതാണെന്നു കാണാം.

## അച്ചടി ആധുനിക ഭാരതത്തിൽ

1947-ൽ ഭാരതം സ്വതന്ത്രമായതിനുശേഷം, കഴിഞ്ഞ ഇരുപത്തഞ്ചു വർഷങ്ങൾ ഗവൺമെൻറിൻെറ ബഹുമുഖമായ പ്രവർത്തനങ്ങൾകൊണ്ടു ചലനാത്മകവും ചൈതന്യവത്തുമായിരുന്നു. സാമ്പത്തിക പുരോഗതിക്കും, സാമൂഹ്യനീതിക്കും സമ്പദ്സമൃദ്ധമായ ഒരു ഭാരതം കെട്ടിപ്പടുക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഗവൺമെൻറ് പ്രസ്സുകൾ അനുഷ്ഠിച്ചിട്ടുള്ള സേവനം മഹത്തരമാണ്. കേന്ദ്ര–സംസ്ഥാന ഗവൺമെൻറുകളുടെ ഉടമസ്ഥതയിൽ ഭാരതത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പ്രസ്സുകൾ ഗവൺമെൻറിൻെറ വർദ്ധിച്ച അച്ചടി ആവശ്യങ്ങൾ യഥാവസരം നിറവേററിയിട്ടുണ്ട്. ഗസററ്, ബഡ്ജററ് രേഖ, ഗവൺമെൻറുത്തരവ്, സർക്കുലർ, മാനുവൽ, റിപ്പോർട്ട്, വിവിധ ഡിപ്പാർട്ടുമെൻറുകൾക്കാവശ്യമായ ഫാറങ്ങൾ, പാഠപുസ്തകം, നിയമസഭാ നടപടികൾ, ബില്ലുകൾ, ആക്ററുകൾ, ഭാഗ്യക്കുറി ടിക്കററ്, പോസ്ററുകൾ, വിനോദസഞ്ചാരികളെ ആകർഷിക്കാനുദ്ദേശിച്ചുകൊണ്ടുള്ള പ്രസിദ്ധീകരണങ്ങൾ, സചിത്ര ലഘു ലേഖകൾ, സോവനീർ, കലണ്ടർ, ഡയറി, ഔദ്യോഗിക ക്ഷണനത്തിനുള്ള കാർഡുകൾ, കോടതി വിധികൾ, ഭൂപടങ്ങൾ, ശാസ്ത്രീയ–സാംസ്ക്കാരിക പ്രസിദ്ധീകരണങ്ങൾ, പ്രചരണത്തിനാവശ്യമായ ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പൊതുപ്രാധാന്യമുള്ള വിഷയങ്ങളെ അധീകരിച്ചുള്ള പുസ്തകങ്ങൾ തുടങ്ങിയവ സർക്കാർ പ്രസ്സുകളിൽ അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നവയാണ്. ജനാധിപത്യ ഭരണസമ്പ്രദായം സ്വീകരിച്ചിട്ടുള്ള ഭാരതത്തിൽ നടന്നിട്ടുള്ള എല്ലാ തെരഞ്ഞെടുപ്പുകൾക്കും

ആവശ്യമായിത്തീർന്ന ബാലററു പേപ്പറുകളും മററു ഫാറങ്ങളും നിശ്ചിത സമയത്തു അച്ചടിച്ചു കൊടുത്തിട്ടുള്ളതും ഗവൺമെൻറ് പ്രസ്സുകളാണ്. ഭാരതത്തിൽ പഞ്ചവൽസര പദ്ധതികളിലൂടെ ആസൂത്രിത വികസന പദ്ധതികഠം നടപ്പിലാക്കി തുടങ്ങിയപ്പോഠം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങഠം ജനങ്ങഠംക്കു പകർന്നു കൊടുക്കാൻവേണ്ടി പുറപ്പെടുവിച്ച പ്രചരണ ലഘുലേഖകഠം അച്ചടിച്ചു വിതരണം ചെയ്തതും ഗവൺമെൻറ് പ്രസ്സുകളാണ്. റേഡിയോ, സിനിമ, ടെലിവിഷൻ തുടങ്ങിയ ആധുനിക പ്രചരണോപാധികളുടെ പരിപാടികഠം നാട്ടുകാരെ അറിയിക്കുന്നതുപോലും അച്ചടിച്ച പുസ്തകങ്ങഠം വഴിയാണ്. ചുരുക്കത്തിൽ സ്വാതന്ത്ര്യാനന്തരം ഗവൺമെൻറ് നടപ്പാക്കിയ പരിപാടികളുടെയെല്ലാ രൂപഭാവങ്ങളും ചൈതന്യവും, നിലനിറുത്താനും, പ്രചരിപ്പിക്കാനും അച്ചടിയും ഗവൺമെൻറ് പ്രസ്സുകളും വിലപ്പെട്ട സേവനങ്ങളാണു നൽകിയിട്ടുള്ളത്.

## മുദ്രണ വകുപ്പ്—കേരളത്തിൽ

സാക്ഷരത്വം ഏററവും കൂടുതൽ ഉയർന്ന കേരളത്തിൽ ഗവൺമെൻറിൻെറ അച്ചടി ആവശ്യങ്ങഠം താരതമ്യേന വിപുലമാണ്. കേരളത്തിൽ സ്കൂളുകളിലും കോളേജുകളിലും പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം സ്വാതന്ത്ര്യലബ്ധിക്കു ശേഷം വളരെ വർദ്ധിച്ചിട്ടുണ്ട്. കേരളത്തിലെ വിദ്യാർത്ഥികഠംക്ക് ആവശ്യമുള്ള 150 ലക്ഷം പുസ്തകങ്ങഠം നിശ്ചിത സമയത്ത് അച്ചടിച്ചു വിതരണം ചെയ്യേണ്ടതുണ്ട്. കേരളത്തിലെ എല്ലാ ഡിപ്പാർട്ടുമെൻറുകളുടെയും ദൈനംദിന ഭരണത്തിനാവശ്യമുള്ള വിവിധ തരത്തിലും, രീതിയിലുമുള്ള ലക്ഷക്കണക്കിനു ഫാറങ്ങഠം, രജിസ്ററുകഠം തുടങ്ങിയവ യഥാവസരം അച്ചടിച്ചു കൊടുക്കേണ്ടതും ഗവൺമെൻറു പ്രസ്സുകളിലാണ്. കൂടാതെ ഗവൺമെൻറ് പുറപ്പെടുവിക്കുന്ന ആക്ററുകഠം, ഓർഡിനൻസുകഠം, നോട്ടിഫിക്കേഷനുകഠം, കേരള സംസ്ഥാനത്തിൻെറയും വിവിധ ഡിപ്പാർട്ടുമെൻറുകളുടെയും ഭരണ റിപ്പോർട്ടുകഠം, കോഡുകഠം, മാനുവൽ, നിയമസഭാ നടപടികഠം മററു പലവക പ്രസിദ്ധീകരണങ്ങഠം, കമ്മിഷൻ റിപ്പോർട്ടുകഠം എന്നിവയും ഗവൺമെൻറ് പ്രസ്സുകളിലാണു അച്ചടിക്കുന്നത്. സ്വയം ഭരണ സ്ഥാപനങ്ങഠം, ബോർഡുകഠം, കോർപ്പറേഷനുകഠം, എയിഡഡ് സ്കൂളുകഠം തുടങ്ങിയവയ്ക്കു

വേണ്ട ഫാറങ്ങളും രജിസ്ററുകളും ഗവൺമെൻറ് പ്രസ്സുകളിൽ അച്ചടിച്ചു വിതരണം ചെയ്യേണ്ടതുണ്ട്. ചുരുക്കത്തിൽ ഗവൺമെൻറു കാര്യങ്ങളിൽ എവിടെയൊക്കെ അച്ചടി വേണമോ അവിടെയെല്ലാം ഗവൺമെൻറ് പ്രസ്സുകളും വേണം.

അതിവിപുലമായ ഈ അച്ചടി ആവശ്യങ്ങൾ നിർവ്വഹിക്കുന്നതു കേരളാ ഗവൺമെൻറ് ഉടമയിലുള്ള താഴെ പറയുന്ന ആറു പ്രസ്സുകളിലായിട്ടാണ്:

1. ഗവൺമെൻറ് സെൻട്രൽ പ്രസ്, തിരുവനന്തപുരം

2. സ്ററാമ്പ് മാനുഫാക്ചറി, തിരുവനന്തപുരം

3. സെൻട്രൽ പ്രിസൺ പ്രസ്, തിരുവനന്തപുരം

4. ഗവൺമെൻറ് പ്രസ്, എറണാകുളം

5. ഗവൺമെൻറ് പ്രസ്, ഷൊറണ്ണൂർ

6. സെൻട്രൽ ജയിൽ പ്രസ്, കണ്ണൂർ

ഈ ഗവൺമെൻറ് പ്രസ്സുകൾ ഗവൺമെൻറിനും സമൂഹത്തിനും നൽകുന്ന സേവനങ്ങൾ പരിശോധിക്കാം.

(1) <u>വിദ്യാഭ്യാസ രംഗം</u>

മുമ്പു സൂചിപ്പിച്ചതുപോലെ കേരളത്തിലെ വിദ്യാർത്ഥികൾക്ക് ആവശ്യമായ വിവിധ പാഠപുസ്തകങ്ങൾ നിശ്ചിത സമയത്ത് അച്ചടിച്ചുകൊടുക്കേണ്ട ഭാരിച്ച ചുമതല ഗവൺമെൻറ് പ്രസുകളുടേതാണ്. പാഠപുസ്തകങ്ങളുടെ അച്ചടി പ്രധാനമായും നടക്കുന്നത് ഷൊർണ്ണൂർ ഗവൺമെൻറ് പ്രസ്സിലാണ്. മററു പ്രസ്സുകളിലും ഈ ജോലി ഭാഗികമായി നടത്തുന്നു. പാഠപുസ്തകങ്ങളുടെ

വർദ്ധിച്ചുവരുന്ന ആവശ്യം നിറവേററാൻ വേണ്ടിയാണു പുതിയ യന്ത്രങ്ങൾ സ്ഥാപിക്കുന്നത്. ആവശ്യമായ പാഠപുസ്തകങ്ങൾ, നല്ല രീതിയിൽ അച്ചടിച്ചു കൃത്യസമയത്തു വിതരണം ചെയ്താൽ മാത്രമേ വിദ്യാഭ്യാസരംഗം സുഗമമായി മുന്നോട്ടു പോകുകയുള്ളു. വിദ്യാഭ്യാസത്തിൻെറ നിലവാരം, മൂല്യം, ലക്ഷ്യം എന്നിങ്ങനെ എല്ലാ കാര്യങ്ങളും സമയത്ത് അച്ചടിച്ചുകിട്ടുന്ന പാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. കൃത്യസമയത്തു പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയെന്ന ശ്രമകരമായ ജോലി അവിശ്രമം നിർവ്വഹിച്ചു പൂർത്തിയാക്കുന്ന ഗവൺമെൻറ് പ്രസ്സുകളുടെ പ്രവർത്തനം ഒരു നല്ല തലമുറയെ വാർത്തെടുക്കാൻ സഹായിക്കുന്നു.

## (2) ഭരണ രംഗം

അച്ചടിയും ഭരണവുമായുള്ള അഭേദ്യമായ ബന്ധത്തിന് അനുയോജ്യമാംവിധം ഗവൺമെൻറ് പ്രസ്സുകൾ സർക്കാർ മെഷിനറിക്കു സേവനങ്ങൾ അർപ്പിച്ചു വരുന്നു. സെക്രട്ടറിയേററ് മുതൽ വിവിധ ഡിപ്പാർട്ടുമെൻറുകളുടെ ദൈനംദിന ഭരണത്തിനാവശ്യമുള്ള എല്ലാ ഫാറങ്ങളും രജിസ്ററുകളും നിയമ പുസ്തകങ്ങളും അച്ചടിച്ചു കൊടുക്കുന്നതു ഗവൺമെൻറ് പ്രസ്സുകളിലാണ്. കേരളത്തിലെ എല്ലാ പ്രസ്സുകളിലും ഇവ അച്ചടിക്കപ്പെടുന്നു. തിരുവനന്തപുരത്തു കോട്ടയ്ക്കകത്തുള്ള സ്റേറാറിലും, എറണാകുളം ഗവൺമെൻറ് പ്രസ്സിൽത്തന്നെയുള്ള സ്റേറാറിലും വിവിധ ഡിപ്പാർട്ടുമെൻറുകൾക്കാവശ്യമുള്ള എല്ലാ ഫാറങ്ങളും സ്റേറാക്കു ചെയ്തിട്ടുണ്ട്. വിവിധ ഡിപ്പാർട്ടുമെൻറുകളിൽ നിന്നും ലഭിക്കുന്ന ''വാർഷിക ഇൻഡൻറു'' കളുടെ അടിസ്ഥാനത്തിൽ ഫാറങ്ങൾ വിതരണം ചെയ്യുന്നു. ഈ ഫാറങ്ങൾ ദുരുപയോഗപ്പെടുത്തുന്നുണ്ടോ എന്നു പരിശോധിച്ചു മേൽ നടപടികൾ സ്വീകരിക്കുവാൻ രണ്ട് ഫാംസ് ഇൻസ്പെക്ററൻമാരും ഉണ്ട്. ലക്ഷക്കണക്കിനു ഫാറങ്ങൾ കൃത്യസമയത്തു അച്ചടിച്ചു രാജ്യത്തിൻെറ ഒരററംമുതൽ മറേറ അററംവരെയുള്ള സർക്കാർ ആഫീസുകൾക്കു യഥാവസരം വിതരണം ചെയ്യുകയെന്ന ഭീമമായ ജോലി നിർവ്വഹിക്കുന്നതിലൂടെ ഗവൺമെൻറ് പ്രസ്സുകൾ നമ്മുടെ ഭരണ രംഗത്തു അഭിനന്ദനീയമായ സേവനമാണ് അനുഷ്ഠിക്കുന്നത്.



25/3324

## (3) തെരഞ്ഞെടുപ്പും നിയമനിർമ്മാണ സഭയും.

സ്വാതന്ത്ര്യ ലബ്ധിക്കുശേഷം കേരളത്തിൽ നടന്നിട്ടുള്ള പാർലമെൻറ്, അസംബ്ളി, പ്രദേശിക സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലേക്കുള്ള തെരഞ്ഞെടുപ്പുകൾക്കു വേണ്ടിവന്ന ലക്ഷക്കണക്കിനു ബാലററു പേപ്പറുകളും, ഫാറങ്ങളും കൃത്യസമയത്ത് അച്ചടിച്ച് നിർദ്ദേശാനുസരണം വിതരണം ചെയ്തിട്ടുള്ളത് തിരുവനന്തപുരം ഗവൺമെൻറ് സെൻട്രൽ പ്രസ്സിൽനിന്നുമാണ്. യാതൊരു പരാതിക്കും ഇടനൽകാത്തവിധം ഈ ജോലി സ്തുത്യർഹമാംവണ്ണം നിർവ്വഹിച്ച ഗവൺമെൻറ് പ്രസ് ജീവനക്കാരേയും അധികൃതരേയും പലതവണ ഇലക്ഷൻ കമ്മിഷനും, ഗവൺമെൻറും അഭിനന്ദിച്ചിട്ടുണ്ട്. ഇൻഡ്യൻ ജനാധിപത്യ വ്യവസ്ഥയുടെ അഭംഗുരമായ പുരോഗതിക്കും നിലനിൽപ്പിനും നിഷ്പക്ഷമായ തെരഞ്ഞെടുപ്പുകൾ നിശ്ചിത സമയത്ത് നടത്തേണ്ടതുണ്ട്. ഈ തെരഞ്ഞെടുപ്പുകൾ നടത്തുന്നതിനുവേണ്ട ബാലററു പേപ്പറുകളും ഫാറങ്ങളും അച്ചടിച്ചു നിശ്ചിത സ്ഥലങ്ങളിൽ എത്തിക്കുന്ന ഗവൺമെൻറ് പ്രസ്സുകൾ, സർവ്വാദരണീയമായ സേവനമാണു ചെയ്യുന്നത്.

കേരള നിയമസഭയുടെ അച്ചടിജോലിയും തിരുവനന്തപുരം ഗവൺമെൻറ് സെൻട്രൽ പ്രസ്സിലാണു നിർവഹിക്കുന്നത്. നിയമസഭയുടെ കാര്യപരിപാടി തുടങ്ങി അവതരിപ്പിക്കുന്ന ബില്ലുകൾ, പ്രമേയങ്ങൾ തുടങ്ങിയവയെല്ലാം ഗവൺമെൻറ് പ്രസ്സിൽ അച്ചടിക്കുന്നു. നിയമസഭാ നടപടികൾ ക്രമമായി തുടർന്നു പോകുവാൻ നിശ്ചിതസമയത്തുതന്നെ ഇതെല്ലാം അച്ചടിച്ചു കൊടുക്കേണ്ടതായുണ്ട്. ഇക്കാര്യം കൃത്യനിഷ്ഠയോടെ ചെയ്തു വരുന്നു. കൂടാതെ കേരള നിയമസഭയുടെ നടപടികൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നുമുണ്ട്.

## (4) പ്രസിദ്ധീകരണങ്ങൾ.

ഗവൺമെൻറിൻെറ എല്ലാ പ്രസിദ്ധീകരണങ്ങളും തിരുവനന്തപുരം ഗവൺമെൻറ് സെൻട്രൽ പ്രസ്സിലും എറണാകുളം ഗവൺമെൻറ് പ്രസ്സിലും ഷൊറണ്ണൂർ ഗവൺമെൻറ് പ്രസ്സിലും ഉള്ള പബ്ളിക്കേഷൻ സ്റ്റോറുകളിൽ

സ്റ്റോക്കു ചെയ്ത് പൊതുജനങ്ങൾക്ക് വിൽക്കുന്നുണ്ട്. ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകൾക്കാവശ്യമുള്ള പുസ്തകങ്ങളും ഇവിടെനിന്നും വിതരണം ചെയ്യുന്നു. അംഗീകൃത ഏജൻസികളിൽ നിന്നും ഇവ കിട്ടുന്നതാണ്. ഈ മൂന്നു സ്റ്റോറുകളിലും കൂടി ഏകദേശം 15 ലക്ഷം രൂപ വിലയ്ക്കുള്ള പുസ്തകങ്ങൾ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. ഇതിൽ ആക്റ്റുകൾ, ആർഡിനൻസുകൾ, ബില്ലുകൾ, നോട്ടിഫിക്കേഷനുകൾ, അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുകൾ, കോഡുകൾ, മാനുവലുകൾ, നിയമസഭാ നടപടികൾ, ചില കേന്ദ്രഗവൺമെൻറ് പ്രസിദ്ധീകരണങ്ങൾ, അവാർഡുകൾ ചില സംസ്കൃത പുസ്തകങ്ങൾ, മലയാളം പുസ്തകങ്ങൾ, പൊതുപ്രാധാന്യമുള്ള പുസ്തകങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഇതിൽ സ്വാതിതിരുന്നാളിന്റെ കൃതികൾ, യോഗാമൃതം, ചികിത്സാമഞ്ജരി, യോഗരത്നസമുച്ചയം, അഷ്ടാംഗഹൃദയം, നാടോടിപ്പാട്ടുകൾ തുടങ്ങിയ അപൂർവ്വ പുസ്തകങ്ങളും ഇൻഡ്യൻ സ്വാതന്ത്ര്യസമരചരിത്രം ഡിസ്ട്രിക്ട് ഗസററിയറുകൾ എന്നിവയും ഉൾപ്പെടുന്നു.

## (5) തടവുകാരുടെ മാനസിക സംസ്ക്കരണം.

മുദ്രണവകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, കണ്ണൂർ എന്നീ ജയിലുകളിൽ ഓരോ അച്ചടിശാലകളുണ്ട്. അഭ്യസ്തവിദ്യരായ തടവുകാർക്ക് കമ്പോസിംഗ്, ബയൻറിംഗ് തുടങ്ങി അച്ചടിയുടെ വിവിധ ശാഖകളിൽ ഇവിടെ പരിശീലനം നൽകിവരുന്നു. തിരുവനന്തപുരം ബാലമന്ദിർ പ്രസ്സിലും കണ്ണൂർ ജയിൽ പ്രസ്സിലും, പ്രായപൂർത്തിയാകാത്ത തടവുകാരായ കുട്ടികൾക്ക് അച്ചടിയിലും, വിയ്യൂർ സെൻട്രൽ ജയിലിൽ ഉള്ള ഹാൻഡ്മെയിഡ് പേപ്പർ യൂണിററിൽ തടവുകാർക്ക് കാർഡ് ബോർഡു നിർമ്മാണത്തിലും പരിശീലനം നൽകിവരുന്നു. അവിടെ ചെയ്യുന്ന ജോലികൾക്ക് തടവുകാർക്ക് നിശ്ചിതമായ വേതനം നൽകുന്നതു കൂടാതെ അവരുടെ മാനസിക സംസ്ക്കരണത്തിലും ഈ അച്ചടിയൂണിററുകൾ മഹത്തായ പങ്കുവഹിക്കുന്നു. ഇങ്ങനെ സാമൂഹ്യ പരിഷ്ക്കരണ രംഗത്ത് ജയിൽ പ്രസ്സുകൾ അമൂല്യമായ സേവനം നൽകുന്നു. അച്ചടി എന്ന സാങ്കേതികവിദ്യയിൽ തടവുകാർക്കു കിട്ടുന്ന അറിവ് ജയിൽ മോചനത്തിനുശേഷം ഒരു തൊഴിൽ കണ്ടെത്തുന്നതിനും അതുവഴി

ജീവിതായോധനത്തിനും സഹായകമാവുന്നു. അതേസമയം കുറഞ്ഞ ചെലവിൽ കൂടുതൽ ഉൽപ്പാദനം നടക്കുന്നതുകൊണ്ട് ഗവൺമെൻറിന് വലിയ ലാഭവും ഉണ്ടാകുന്നു.

(6) തൊഴിലവസരം.

മുദ്രണവകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന ആറു ഗവൺമെൻറ് പ്രസ്സുകളിലായി ഇപ്പോൾ 1,800-ഓളം ജീവനക്കാരുണ്ട്. വർദ്ധിച്ചുവരുന്ന അച്ചടി ആവശ്യങ്ങൾ നേരിടാൻ ഗവൺമെൻറ് പ്രസ്സുകൾ ഇനിയും വികസിക്കേണ്ടതായിട്ടുണ്ട്. ഈ വികസനം കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുകയും ചെയ്യും. കൂടാതെ അച്ചടി സംബന്ധമായി കേരളാഗവൺമെൻറ് നടത്തുന്ന വിവിധ സാങ്കേതിക പരീക്ഷകളുടെ പ്രാക്ററിക്കൽ ടെസ്ററുകൾ നടത്തുന്ന കേന്ദ്രവും ഗവൺമെൻറ് പ്രസ്സുകളാണ്. ഈ പരീക്ഷകൾ പാസാകുന്നവർക്ക് സംസ്ഥാനത്തിനകത്തും പുറത്തും ജോലികൾക്കപേക്ഷിക്കുവാൻ അർഹതയുണ്ടാകുന്നു.

(7) ഗസററും, സ്വകാര്യപരസ്യങ്ങളും.

കേരളാഗവൺമെൻറ് ആഴ്ചതോറും പുറപ്പെടുവിക്കുന്ന ഗസററ് പ്രസിദ്ധീകരിക്കുന്നത് തിരുവനന്തപുരം ഗവൺമെൻറ് സെൻട്രൽ പ്രസ്സിൽനിന്നുമാണ്. ആഴ്ചതോറും ഗസററിൻെറ അയ്യായിരത്തോളം പ്രതികൾ പ്രസിദ്ധീകരിക്കുന്നുണ്ട്. ഔദ്യോഗികമായി ഗവൺമെൻറ് ഗസററിന് വൻപിച്ച പ്രാധാന്യമാണുള്ളത്. ഗവൺമെൻറിൻെറ വിവിധ നടപടികളെപ്പററി പൊതുജനങ്ങൾ അവശ്യം അറിഞ്ഞിരിക്കേണ്ട വിലപ്പെട്ടവിവരങ്ങൾ, വിവിധജോലികൾക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള കേരളാ പബ്ലിക്ക് സർവ്വീസ് കമ്മിഷൻെറ വിജ്ഞാപനങ്ങൾ, കോടതിപ്പരസ്യങ്ങൾ തുടങ്ങിയവ ആധികാരികമായി ഗസററിൽ പ്രസിദ്ധീകരിക്കുന്നു. ഗസററിൻെറ നാലാം ഭാഗത്ത് പൊതുജനങ്ങൾക്ക് പേരുമാററം, ഒപ്പുമാററം, മതംമാററം, കമ്പനി ലിക്വിഡേഷൻ തുടങ്ങിയവയെക്കുറിച്ച് സ്വകാര്യപ്പരസ്യങ്ങൾ പ്രസിദ്ധീകരണത്തിനായി കൊടുക്കാവുന്നതാണ്. ഇത്തരം പരസ്യങ്ങൾക്ക് നിയമപരമായ പ്രാബല്യവും

സംരക്ഷണവും ഉണ്ട്. ഗസററിൻെറ വരിസംഖ്യയും, പരസ്യക്കൂലിയും തിരുവനന്തപുരം ഗവൺമെൻറ് സെൻട്രൽ പ്രസ്സിൽ സ്വീകരിക്കുന്നതാണ്.

(8) ഉദ്യോഗാർത്ഥികൾക്കു വേണ്ട ഫാറങ്ങൾ.

ഉദ്യോഗാർത്ഥികൾ കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷന് സമർപ്പിക്കേണ്ട അപേക്ഷാ ഫാറങ്ങൾ അച്ചടിച്ച് തിരുവനന്തപുരത്തുള്ള പി. എസ്. സി. ഫാറം സ്റേറാറിൽ സ്റേറാക്ക് ചെയ്ത് ട്രഷറികൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിററികൾ, ബ്ലോക്ക്ഡെവലപ്പ്മെൻറ് ആഫീസുകൾ തുടങ്ങിയ ഏജൻസികൾ വഴി വിതരണം നടത്തുന്നു. ഫാറത്തിൻെറ വില മണിയാർഡർ അയയ്ക്കുന്നവർക്ക് നേരിട്ടും തിരുവനന്തപുരം ഗവൺമെൻറ് സെൻട്രൽ· പ്രസ്സിൽ നിന്നും പ്രസ്തുത ഫാറം ലഭിക്കുന്നതാണ്. ഈ അടുത്ത കാലത്ത് വില മുദ്രണം ചെയ്ത പുതിയ ഫാറങ്ങൾ ഏർപ്പെടുത്തിയതോടുകൂടി ഗവൺമെൻറ് പ്രസ്സുകളുടെ ഇക്കാര്യത്തിലുള്ള ഉത്തരവാദിത്വവും അദ്ധ്വാനഭാരവും വർദ്ധിച്ചിരിക്കുകയാണ്.

കേരളത്തിലെ ഗവൺമെൻറ് പ്രസ്സുകളുടെ ബഹുമുഖങ്ങളായ പ്രവർത്തനങ്ങളുടേയും, സേവനങ്ങളുടേയും, ഒരു സംക്ഷിപ്ത വിവരണമാണ് മുകളിൽ കൊടുത്തത്.


ഗവൺമെൻറ് പ്രസ്സുകളുടെ മാറുന്ന മുഖഛായ.

ഗവൺമെൻറിൻെറ എല്ലാവിധ അച്ചടിജോലികളും സ്വയം നിർവ്വഹിക്കാൻ തക്കവണ്ണം ഗവൺമെൻറ് പ്രസ്സുകൾ ഇനിയും വികസിക്കേണ്ടതായുണ്ട്. അച്ചടിയിൽ സ്വയം പര്യാപ്തമാവുക എന്ന മഹനീയ ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ വേണ്ടി ഗവൺമെൻറ് പ്രസ്സുകളെ പടിപടിയായി

വികസിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ഗവൺമെൻറ് പല പരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ഗവൺമെൻറ് സെൻട്രൽ പ്രസ്സിലെ സ്ഥലസൗകര്യങ്ങളുടെ പരിമിതിയും അപര്യാപ്തതയും പരിഹരിക്കുവാൻ വേണ്ടി തിരുവനന്തപുരത്തിനടുത്ത് മണ്ണന്തലയിൽ ഒരു പുതിയ പ്രസ് ആരംഭിക്കുവാനുള്ള പരിപാടിക്ക് ഗവൺമെൻറ് അംഗീകാരം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇതിനുവേണ്ടി മണ്ണന്തലയിൽ 25 ഏക്കർ സ്ഥലം അക്വയർ ചെയ്തു കഴിഞ്ഞു. ഇവിടെ പ്രസ്സിനുവേണ്ട കെട്ടിടങ്ങൾ നിർമ്മിക്കാനാവശ്യമായ നടപടികൾ സമീപഭാവിയിൽത്തന്നെ ആരംഭിക്കുന്നതാണ്. ഗവൺമെൻറിൻെറ നാൾതോറും വർദ്ധിച്ചുവരുന്ന അച്ചടിയാവശ്യങ്ങൾ നിർവ്വഹിക്കുക എന്ന ലക്ഷ്യം വച്ച് ഒക്ടോബർ രണ്ടാം തീയതിമുതൽ തിരുവനന്തപുരം സ്ററാമ്പുമാനുഫാക്ചറി പ്രസ്സിൽ രണ്ടാമതൊരു ഷിഫ്ററുകൂടി ആരംഭിച്ചു. സ്ഥലസൗകര്യങ്ങളുടെ പരിമിതി എറണാകുളം ഗവൺമെൻറ് പ്രസ്സിൻെറ വികസനത്തേയും സാരമായി ബാധിക്കുന്നുണ്ട്. അതിനാൽ ഈ പ്രസ് മാററി സ്ഥാപിക്കുവാൻ ആവശ്യമായ സ്ഥലം എറണാകുളത്തിനടുത്ത് തൃക്കാക്കരയിൽ അക്വയർ ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇതിനകം പുതിയ പ്രസ്സിനുവേണ്ടി നിർമ്മിക്കുവാനുദ്ദേശിക്കുന്ന കെട്ടിടത്തിൻെറ തറക്കല്ലും ഇട്ടുകഴിഞ്ഞു. കെട്ടിടംപണി താമസിയാതെ ആരംഭിക്കുന്നതാണ്. ജയിൽ വളപ്പിനുള്ളിൽ സ്ഥിതിചെയ്യുന്ന കണ്ണൂർ സെൻട്രൽ ജയിൽ പ്രസ്സിലും സ്ഥലസൗകര്യങ്ങൾ തുലോം പരിമിതമാണ്. അതിനാൽ പ്രസ്തുത പ്രസ് ജയിലിനുപുറത്ത് സ്ഥാപിക്കാനുള്ള ഒരു പദ്ധതി ഗവൺമെൻറിൻെറ സജീവ പരിഗണനയിൽ ഇരിക്കുകയാണ്. കേരളത്തിൻെറ വടക്കൻ ജില്ലകൾക്കാവശ്യമായ ഫാറങ്ങൾ സ്റേറാക്കുചെയ്തു വിതരണം നടത്തുന്നതിനുവേണ്ടി കോഴിക്കോട്ട്

ഒരു ഫാറം സ്റേറാർ സ്ഥാപിക്കാൻ ഗവൺമെൻറ് ഉത്തരവു പുറപ്പെടുവിച്ചെങ്കിലും, ആവശ്യമായ കെട്ടിടം കിട്ടാത്തതിനാൽ സ്റേറാറിൻെറ പ്രവർത്തനം ഇനിയും ആരംഭിച്ചിട്ടില്ല. യോജിച്ച ഒരു കെട്ടിടം കണ്ടെത്താനുള്ള ശ്രമത്തിലാണിപ്പോൾ. കെട്ടിടം കിട്ടിയാലുടനെതന്നെ സ്റേറാറിൻെറ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ ഗവൺമെൻറ് പ്രസ്സുകളുടെ സർവ്വതോൻമുഖമായ വികസനത്തിനുവേണ്ട പരിപാടികൾ പഞ്ചവൽസരപദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുമുണ്ട്. പുതിയ യന്ത്രങ്ങളും മററ് അച്ചടിസാമഗ്രികളും വാങ്ങാനുള്ള വിവിധ പരിപാടികളും ഗവൺമെൻറിൻെറ പരിഗണനയിലാണ്. ഈ പരിപാടികൾ പൂർത്തിയാകുന്നതോടെ ഗവൺമെൻറിനും, ജനങ്ങൾക്കും കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ ഗവൺമെൻറ് പ്രസ്സുകൾക്കു കഴിയും.


PRINTED AND PUBLISHED BY P. KURIAN JOHN,
SUPERINTENDENT OF GOVERNMENT PRESSES, KERALA,
AT THE GOVERNMENT PRESS, TRIVANDRUM,
1972





ഷൊർണ്ണൂർ ഗവൺമെൻറ് പ്രസ് ജീവനക്കാർക്കുള്ള പാർപ്പിടങ്ങളുടെ ശിലാസ്ഥാപനം 1972 മാർച്ച് 18–ാംതീയതി അന്നത്തെ ധനകാര്യമന്ത്രി ശ്രീ. കെ. ററി. ജോർജ് നിർവ്വഹിച്ചപ്പോൾ




ഷൊർണ്ണൂർ ഗവൺമെൻററ് പ്രസ്സിലെ ഓട്ടോമാററിക്ക് ഫ്ളോലൈൻ ഫീഡർ ബയൻറിംഗ് മെഷീൻ 1972 മാർച്ച് 18—ാംതീയതി അന്നത്തെ ധനകാര്യമന്ത്രി ശ്രീ. കെ. ററി. ജോർജ്ജ് ഉത്ഘാടനം ചെയ്യുന്നു.



ഓട്ടോമാററിക് ബുക്ക് സ്യൂയിംഗ് മെഷീൻ



ഓട്ടോമാററിക് ഷീററ് ഗ്യാതറിംഗ് മെഷീൻ



## GOVERNMENT PRESS, SHORANUR

INAUGURATION OF THE

# AUTOMATIC BOOK SEWING MACHINE

AND

# SHEET GATHERING MACHINE

BY

Shri PAUL P. MANI

MINISTER FOR FOOD AND CIVIL SUPPLIES

ON

6th OCTOBER 1972

Indic Digital Archive Foundation
gpura.org